# Official Spokesperson's response to media queries regarding Chinese MFA Spokesperson’s comments on the Galwan valley incident

September 24, 2021

---

## ഗൾവാൻ താഴ്‌വരയിൽ നടന്ന സംഭവങ്ങളെക്കുറിച്ച് ചെനീസ് വിദേശകാര്യ മന്ത്രാലയത്തിലെ ഔദ്യോഗിക വക്താവ് നടത്തിയ അഭിപ്രായ പ്രകടനത്തെത്തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

സെപ്റ്റംബർ 24, 2021

**'ഇന്ത്യ എല്ലാ ഉടമ്പടികളും കരാറുകളും ലംഘിക്കുകയും ചെനീസ് പ്രദേശങ്ങളിലേക്ക് നിയമവിരുദ്ധമായി അതിക്രമിച്ചു കയറുകയും രേഖ മറികടക്കുകയും ചെയ്തതിനാലാണ് ഗൾവാൻ താഴ്‌വരയിലെ സംഭവങ്ങൾ നടന്നത്' എന്ന ചാൻസ് വിദേശകാര്യ മന്ത്രാലയത്തിലെ ഔദ്യോഗിക വക്താവിന്റ്റെ പ്രസ്താവനയോട് പ്രതികരിച്ചുകൊണ്ട് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രതികരണ ഇപ്രകാരമായിരുന്നു:**

ഇത്തരം പ്രസ്താവനകൾ ഞങ്ങൾ നിഷേധിക്കുന്നു. കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ കഴിഞ്ഞ വർഷം നടന്ന സംഭവവികാസങ്ങൾ സംബന്ധിച്ച ഞങ്ങളുടെ നിലപാട് വ്യക്തവും സ്ഥിരതയുള്ളതുമാണ്. നമ്മുടെ എല്ലാ ഉഭയകക്ഷി കരാറുകളുടെയും ലംഘനമായി ചൈനീസ് പക്ഷത്തിന്റെ പ്രകോപനപരമായ പെരുമാറ്റവും ഏകപക്ഷീയമായ ശ്രമങ്ങളും നടന്നതാണ് സമാധാനവും ശാന്തിയും ഗുരുതരമായ രീതിയിൽ വ്യതിചലിക്കുന്നതിനു കാരണമായത്. ഇത് ഉഭയകക്ഷി ബന്ധങ്ങളെയും ബാധിച്ചു.ഈ മാസം ആദ്യം ചൈനീസ് വിദേശകാര്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ഇന്ത്യൻ വിദേശകാര്യമന്ത്രി പ്രസ്താവിച്ചത് പോലെ , ഉഭയകക്ഷി കരാറുകളും പ്രോട്ടോക്കോളുകളും പൂർണമായി പാലിച്ചുകൊണ്ട് കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും പെട്ടന്ന് പരിഹരിക്കാൻ ചൈനീസ് ഭാഗം പ്രവർത്തിക്കുമെന്നതാണ് ഞങ്ങളുടെ പ്രതീക്ഷ.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 24, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.